14904
29/9/16

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം - അപാകതകൾ പരിഹരിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം.39/2016/സഹ തീയതി, തിരുവനന്തപുരം,20.09.2016**

---

പരാമർശം:- 1. 31.032015 ലെ സ.ഉ(കൈ) നം. 51/2015/സഹ നമ്പർ ഉത്തരവ്

2. സഹകരണ സംഘം രജിസ്ട്രാറുടെ 23.09.2015, 15.02.2016 തീയതികളിലെ ഇ.എം (1) 19564/2015 നമ്പർ കത്ത്.

## ഉത്തരവ്

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സർക്കാർ പരിഷ്കരിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ചില അപാകതകൾ കടന്നു കൂടിയതായി ചൂണ്ടികാണിക്കപ്പെടുകയുണ്ടായി. അവ പരിഹരിക്കുന്നതിനായി വിവിധ സംഘടനകൾ സമർപ്പിച്ച നിവേദനങ്ങളും ടി വിഷയം സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ ഉത്തരവ് പ്രകാരം ബ്രാഞ്ച് മാനേജർ തസ്തികയുടെ പരിഷ്കരിച്ച ശമ്പള സ്കെയിൽ 19670-580/4-20780 എന്നാണ് തുടങ്ങിയിട്ടുള്ളത്. 19620 എന്ന് തുടങ്ങുന്നതിന് പകരം 19670 എന്ന് തുടങ്ങിയതിലെ പിശക് തിരുത്തി ടി ശമ്പള സ്കെയിൽ 19620-580/2-20780 എന്നാക്കി മാറ്റുന്നു.

ഗ്രേഡ് സ്കെയിലിൽ ചിലത് മാസ്റ്റർ സ്കെയിലുമായി പൊരുത്തപ്പെടാത്തതിനാലും ഡ്രൈവർ തസ്തികയുടെ സ്കെയിലും അതിന്റെ ഗ്രേഡ് സ്കെയിലും ഒന്നു തന്നെ ആയതിനാലും ഗ്രേഡ് സ്കെയിലുകൾ പരിഷ്കരിച്ച് ഉത്തരവാകുന്നു. (ഗ്രേഡ് സ്കെയിലുകൾ അനുബന്ധം ആയി ചേർക്കുന്നു)

പരാമർശ ഉത്തരവ് പ്രകാരം പുതിയ ശമ്പള നിർണയം നടത്തുമ്പോൾ സ്റ്റാഗ്നേഷൻ ആകുന്നവർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം നഷ്ടപ്പെടാതിരിക്കുവാൻ താഴെപറയുന്ന വ്യവസ്ഥകൾ ബാധകമാക്കുന്നു.

"01.04.2012 ലെയോ ഓപ്ഷൻ തീയതിയിലെയോ അടിസ്ഥാന ശമ്പളത്തോടൊപ്പം 40% ക്ഷാമബത്ത ലയിപ്പിച്ചുകിട്ടുന്ന തുകയിൽ 8% വർദ്ധനവും സർവീസ് വെയിറ്റേജും കൂട്ടി കിട്ടുന്ന തുക പുതുക്കിയ ശമ്പള സ്കെയിലിലെ പരമാവധി തുക കഴിയുകയാണെങ്കിൽ ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ ശമ്പളം നിർണ്ണയിക്കേണ്ടതും അധികമായി വരുന്ന തുക പേഴ്സണൽ പേ ആയി കണക്കാക്കേണ്ടതും ആയത് തുടർന്ന് ലഭിക്കുന്ന ഇൻക്രിമെന്റിൽ ലയിപ്പിക്കുവാൻ പാടില്ലാത്തതുമാണ്. ഇതിനുപുറമെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് ലഭിക്കുന്നതാണ്. ഈ പേഴ്സണൽ പേ എല്ലാ ആനുകൂല്യങ്ങൾക്കും അതായത് പിന്നീടുള്ള ശമ്പള

നിർണ്ണയത്തിനും ലീവ് സാലറിക്കും ക്ഷാമബത്തയ്ക്കും പെൻഷനും കണക്കാക്കാവുന്നതാണ്".

പരാമർശ ഉത്തരവ് പ്രകാരം ശമ്പളം പരിഷ്കരിക്കുമ്പോൾ ഏതെങ്കിലും ജീവനക്കാർക്ക് ലഭിച്ചിട്ടുള്ള വർദ്ധനവ് 1500/-രൂപയിൽ കുറവാണെങ്കിൽ കുറഞ്ഞത് 1500/- രൂപയുടെ വർദ്ധനവ് ലഭിക്കുന്നതിലേക്കായി 'ശമ്പള പരിഷ്കരണത്തിൽ അനുവദിച്ചിട്ടുള്ള 8% ഫിറ്റ്മെന്റ് ബെനിഫിറ്റും സർവീസ് വെയിറ്റേജും ചേർന്ന തുക കുറഞ്ഞത് 1500 രൂപയായി നിജപ്പെടുത്തി ശമ്പളം നിർണയിക്കാവുന്നതാണ് ' എന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**വത്സ.വി**
**അഡീഷണൽ സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രസിഡന്റ്/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
(സഹകരണ സംഘം രജിസ്ട്രാർ മുഖേന)
ജനറൽ സെക്രട്ടറി, ജില്ലാ സഹകരണ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ,
ഡി.ബി.ഇ.എഫ് ഭവൻ, തേരിവിള ലെയിൻ, തമ്പാനൂർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, ആൾ കേരള ജില്ലാ സഹകരണ ബാങ്ക് എംപ്ലോയീസ്
കോൺഗ്രസ്, 5D, വസന്ത് അപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
പ്രസിഡന്റ്, ആൾ കേരള ജില്ലാ സഹകരണ ബാങ്ക് എംപ്ലോയീസ് യൂണിയൻ,
റ്റി.സി നം.3/2296, ചിത്ര നഗർ, പട്ടം പാലസ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*

# അനുബന്ധം

| Sl. No. | Designation | Pre-revised Scale | Revised Scale |
|---|---|---|---|
| 1 | Part-Time Sweeper Grade-I | 4350-125/5-4975-150/7-6025-200/7-7425-225/4-8325-250/4-9325-275/3-10150 | 7070-200/1-7270-230/5-8420-280/4-9540-320/5-11140-350/3-12190-380/4-13710-440/5-15910-510/2-16930 |
| 2 | Part-Time Sweeper Grade-2 | 5425-150/4-6025-200/7-7425-225/4-8325-250/4-9325-275/5-10700-325/5-12325-375/1-12700 | 8980-280/2-9540-320/5-11140-350/3-12190-380/4-13710-440/5-15910-510/5-18460-580/4-20780-670/1-21450 |
| 3 | Part-Time Sweeper Grade-3 | 6625-200/4-7425-225/4-8325-250/4-9325-275/5-10700-325/5-12325-375/5-14200-425/3-15475 | 10820-320/1-11140-350/3-12190-380/4-13710-440/5-15910-510/5-18460-580/4-20780-670/5-24130-770/3-26440 |
| 4 | Part-Time Sweeper Grade-4 | 7650-225/3-8325-250/4-9325-225/5-10700-325/5-12325-375/5-14200-425/4-15900-500/1-16400-550/3-18050 | 12190-380/4-13710-440/5-15910-510/5-18460-580/4-20780-670/5-24130-770/5-27980-890/3-30650 |
| 5 | Peon/Watchman/Lift Operator- Grade-1 | 8100-225/1-8325-250/4-9325-275/5-10700-325/5-12325-375/5-14200-425/4-15900-500/1-16400 | 12570-380/3-13710-440/5-15910-510/5-18460-580/4-20780-670/5-24130-770/3-26440 |
| 6 | Peon/Watchman/Lift Operator- Grade-2 | 8575-250/3-9325-275/5-10700-325/5-12325-375/5-14200-425/4-15900-500/1-16400-550/2-17500 | 13710-440/5-15910-510/5-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/2-34470 |
| 7 | Peon/Watchman/Lift Operator- Grade-3 | 9875-275/3-10700-325/5-12325-375/5-14200-425/4-15900-500/1-16400-550/4-18600-625/4-21100-700/5-24600 | 15030-440/2-15910-510/5-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/4-36510-1160/1-37670 |
| 8 | Peon/Watchman/Lift Operator- Grade-4 | 11350-325/3-12325-375/5-14200-425/4-15900-500/1-16400-550/4-18600-625/4-21100-700/5-24600-775/4-27700 | 17440-510/2-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/4-36510-1160/5-42310 |
| 9 | Driver- Grade-1 | 8575-250/3-9325-275/5-10700-325/5-12325-375/5-14200-425/4-15900-500/1-16400-550/2-17500 | 13710-440/5-15910-510/5-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/2-34470 |

| | | | |
|---|---|---|---|
| 10 | Driver- Grade-2 | 9875-275/3-10700-325/5-12325-375/5-14200-425/4-15900-500/1-16400-550/4-18600-625/3-20475 | 15030-440/2-15910-510/5-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/4-36510 |
| 11 | Driver- Grade-3 | 11350-325/3-12325-375/5-14200-425/4-15900-500/1-16400-550/4-18600-625/4-21100-700/5-24600-775/4-27700 | 17440-510/2-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/4-36510-1160/5-42310 |
| 12 | Driver- Grade-4 | 12000-325/1-12325-375/5-14200-425/4-15900-500/1-16400-550/4-18600-625/4-21100-700/5-24600-775/4-27700-900/2-29500 | 18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/4-36510-1160/5-42310-1320/2-44950 |
| 13 | Steno Typist/Typist/ Telephone-Telex Operator/Data Entry Operator-Grade-I | 10425-275/1-10700-325/5-12325-375/5-14200-425/4-15900-500/1-16400-550/4-18600-625/4-21100-700/5-24600-775/1-25375 | 15910-510/5-18460-580/4-20780-670/5-24130/770-/5-27980-890/5-32430-1020/4-36510-1160/2-38830 |
| 14 | Steno Typist/Typist/ Telephone-Telex Operator/Data Entry Operator-Grade-2 | 12000-325/1-12325-375/5-14200-425/4-15900-500/1-16400-550/4-18600-625/4-21100-700/5-24600-775/4-27700-900/2-29500 | 18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/4-36510-1160/5-42310-1320/2-44950 |